# പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.2687** **12.02.2019 ലെ മറുപടി**

## ഇരുമ്പോത്തിങ്ങൽ റെഗുലേറ്റർ കം ബ്രിഡ്ജ്

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.അബ്ദുൽ ഹമീദ് പി. :** | | **കെ.കൃഷ്ണൻകുട്ടി (ജലവിഭവ വകുപ്പുമന്ത്രി)** |
| (എ) | കിഫ്ബിയിൽ ഉൾപ്പെടുത്തി 36 കോടി രൂപ അനുവദിച്ച ഇരുമ്പോത്തിങ്ങൽ റെഗുലേറ്റർ. കം ബ്രിഡ്ജ് പദ്ധതിയുടെ നിലവിലെ പുരോഗതി വ്യക്തമാക്കാമോ; | (എ) യും (ബി) യും<br>വള്ളിക്കുന്ന് നിയോജക മണ്ഡലത്തിലെ ജലസേചന/കുടിവെള്ള പദ്ധതികൾ സംബന്ധിച്ച് കൂടിയ യോഗത്തിൽ, ഇരുമ്പോത്തിങ്കൽ പദ്ധതിയുടെ പാലം ഒഴിവാക്കി റഗുലേറ്റർ മാത്രമായി നിർമ്മിക്കുന്നതിന്റെ സാദ്ധ്യത പരിശോധിച്ച് അറിയിക്കുവാൻ നിർദ്ദേശിച്ചിരുന്നു. ഇരുമ്പോത്തിങ്കൽ റഗുലേറ്റർ കം ബ്രിഡ്ജിന്റെ നിർമ്മാണം നിർദ്ദേശിക്കപ്പെട്ട സ്ഥലത്ത് സാങ്കേതികമായി പ്രായോഗികമല്ലായെന്ന് സൂപ്രണ്ടിംഗ് എഞ്ചിനീയർ അറിയിക്കുകയുണ്ടായി. പരമാവധി ജലം സംഭരിക്കുക എന്ന ലക്ഷ്യത്തോടെ റഗുലേറ്റർ നിർമ്മിക്കുന്നതിനായുള്ള സ്ഥാനം ബന്ധപ്പെട്ട ഫീൽഡ് ഉദ്യോഗസ്ഥർ പരിശോധന നടത്തി തീരുമാനിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | പദ്ധതിയുമായി ബന്ധപ്പെട്ട് 2018 ഡിസംബറിൽ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിലെ തീരുമാനങ്ങളിൽ എന്തെല്ലാം തുടർ നടപടികൾ എടുത്തുവെന്ന് വിശദമാക്കാമോ; | |
| (സി) | വള്ളിക്കുന്ന് മണ്ഡലത്തിലെ മണ്ണട്ടാംപാറ അണക്കെട്ടിന്റെ ബലക്ഷയം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (സി) ഉണ്ട്, മണ്ണട്ടാംപാറ അണക്കെട്ടിനെ ബലപ്പെടുത്തി ജലച്ചോർച്ച തടയുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. ഷട്ടറുകളുടെ അറ്റകുറ്റപ്പണികൾ പുരോഗതിയിലാണ്. |

S.R.

**സെക്ഷൻ ഓഫീസർ**